NR47 GR 500

362

COB

8695 / 84

G1 ✓ 4/12

MS

നമ്പർ.കെ8(എ)/ 131470/2014
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
കേരള, തിരുവനന്തപുരം.
തീയതി : .11.2014.

## സർക്കുലർ നമ്പർ 29/14

വിഷയം: എസ്.സി/എസ്.റ്റി വിഭാഗങ്ങളുടെയും മറ്റ് പരാതികളുയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.

സൂചന : 24.11.1998 ലെ 61/98 എന്ന പി.എച്ച്.ക്യു സർക്കുലർ.

****

സുചനയിൽ പറയുന്ന സർക്കുലറിൽ സർക്കാരിലേയ്ക്ക് അയയ്ക്കുന്ന അന്വേഷണ റിപ്പോർട്ടുകളിൻമേലുള്ള ന്യൂനതകളും അപാകതകളും ചൂണ്ടിക്കാണിച്ച് അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിരുന്നു.

എന്നാൽ ഈ നിർദ്ദേശങ്ങൾ പല ജില്ലാ പോലീസ് മേധാവികളും പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ ടി സർക്കുലറിൽ പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കണമെന്നും എസ്.സി/എസ്.റ്റി വിഭാഗക്കാരുടെ പരാതികൾ, നിയമസഭാസമിതി മുഖാന്തിരമുള്ള പരാതികൾ, പോലീസിനെതിരായ പരാതികൾ, മറ്റു പരാതികൾ എന്നിവ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്ക് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്ന സമയപരിധി കർശനമായും പാലിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സമയപരിധി പാലിക്കാൻ കഴിയാതെ വന്നാൽ ആ വിവരം പരാതിയുടെ അന്വേഷണ പുരോഗതി സഹിതം അറിയിക്കേണ്ടതാണ്.
2. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും അനുബന്ധ രേഖകളും ജില്ലാ പോലീസ് മേധാവിയുടെ വ്യക്തമായ അഭിപ്രായക്കുറിപ്പോടുകൂടി പി.എച്ച്.ക്യുവിലേക്ക് അയക്കേണ്ടതാണ്.

3. എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച്ചയോ അടുത്ത പ്രവർത്തി ദിവസമോ ജില്ലാ പോലീസ് ഓഫീസുകളിൽ പെറ്റിഷൻ അദാലത്ത് നടത്തി പരാതികൾ ദ്രുതഗതിയിൽ പരിഹരിക്കേണ്ടതാണ്.
4. പരാതിയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സ്ഥിതിവിവര റിപ്പോർട്ട് അതാത് മാസങ്ങളിൽ അദാലത്തിനോടൊപ്പം നൽകേണ്ടതുമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം, കേസ്സിന്റെ നിലവിലെ അവസ്ഥ ഉൾപ്പെടെയുള്ളവ അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.
5. എസ്.സി/എസ്.റ്റി കമ്മീഷൻ ഹിയറിംഗിലോ മറ്റു പ്രധാന മീറ്റിംഗിലോ പോലീസ് ഹെഡ്ക്വാർട്ടേഴ്സിലോ ഹാജരാകാൻ നിർദ്ദേശം ലഭിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ പരാതി, അന്വേഷണ റിപ്പോർട്ട്, അനുബന്ധ രേഖകൾ സഹിതം ഹാജരാകേണ്ടതും ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാകാൻ കഴിയാതെ വന്നാൽ, അതേ റാങ്കിലുള്ള മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ആ വിവരം ഹാജരാകാൻ കഴിയാത്ത കാരണം സഹിതം മടക്കതപാലിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ കർശന നടപടി എടുക്കുന്നതായിരിക്കും.
6. കാലതാമസം ഒഴിവാക്കാൻ റിപ്പോർട്ടുകൾ i-APS മുഖാന്തരം അയക്കുന്നത് ഉചിതമായിരിക്കും.
7. റിപ്പോർട്ടുകൾ മലയാളഭാഷയിൽ (odt അല്ലെങ്കിൽ pdf ഫോർമാറ്റിൽ) തന്നെ അയയ്ക്കേണ്ടതാണ്.
8. അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടുന്ന പരാതികളിൽ മേലുള്ള റിപ്പോർട്ടിനോടൊപ്പം പരതികക്ഷിക്ക് നൽകിയ മറുപടിയുടെ പകർപ്പും പരാതികക്ഷിയുടെയും എതിർകക്ഷികളുടെയും സാക്ഷികളുടെയും മൊഴികളുടെ പകർപ്പും മറ്റ് അനുബന്ധ രേഖകളും പി.എച്ച്.ക്യുവിൽ അയച്ചു തരേണ്ടതാണ്.

9. പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ കർശനമായും ടി ഉദ്യോഗസ്ഥരെക്കാൾ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരെ കൊണ്ട് അന്വേഷിപ്പിക്കേണ്ടതാണ്.
10. ലഭ്യമാകുന്ന പരാതികൾ ഓരോന്നും വളരെ സത്യസന്ധമായും പക്ഷാഭേദം ഇല്ലാതെയും അന്വേഷിക്കേണ്ടതാണ്.
11. സ്പഷ്ടവും വായനാ യോഗ്യവുമായ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
12. നിയമസഭാ സമിതി മുഖാന്തരം സമർപ്പിച്ച പരാതികളിൻമേൽ സമയ ബന്ധിതമായി റിപ്പോർട്ട് സർക്കാരിന് നേരിട്ട് നൽകുകയും പകർപ്പ് പി.എച്ച്.ക്യു വിൽ അയച്ചു തരേണ്ടതുമാണ്.
13. പരാതിക്കാരന്റെയും എതിർകക്ഷികളുടെയും മൊഴിയിൽ അന്വേഷണ ഉദ്യോഗസ്ഥന്റെയും, കക്ഷികളുടെയും തിയതിയോടുകൂടിയ ഒപ്പ് ഉണ്ടായിരിക്കേണ്ടതാണ്.

(ഒപ്പ്/-)
25.11.14
സംസ്ഥാന പോലീസ് മേധാവി

അംഗീകാരത്തോടെ
[signature] 2/12/14
സീനിയർ സൂപ്രണ്ട്
ജെ,കെ & കെ സെപ്ഷ്യൽ സെൽ

എല്ലാ എ.ഡി.ജി.പി മാർക്കും ഐ.ജി.പിമാർക്കും, ജില്ലാ പോലീസ് മേധാവി കൾക്കും

THI-1515
2/12/14